പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1915

17.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജി.സുധാകരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കടലാക്രമണത്തിലോ പ്രകൃതി ക്ഷോഭത്തിലോ മത്സ്യബന്ധന ഉപകരണങ്ങൾ തകർന്നാൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; | (എ) | ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷൻ/ലൈസൻസ് ഉള്ള ഇൻഷ്വർ ചെയ്ത യാനങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി മത്സ്യസുരക്ഷ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രകൃതി ക്ഷോഭത്തിൽ നാശനഷ്ടം സംഭവിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്ക് റവന്യൂ വകുപ്പ് വഴി 7500 രൂപ നഷ്ടപരിഹാരമായി നൽകുന്നു. |
| (ബി) | എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി മത്സ്യസുരക്ഷാ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യബോർഡിൽ അംഗത്വമുള്ളവർക്കും ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലൈസൻസും ഉള്ളവർക്ക് ഇൻഷ്വറൻസ് പോളിസി എടുക്കാവുന്നതാണ്. പ്രകൃതി ക്ഷോഭത്താലും മറ്റ് അപകടത്താലും യാനമോ എൻജിനോ നഷ്ടപ്പെടുകയോ അവയ്ക്ക് സാരമായ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്. ഇതിനു പ്രീമിയമായി അടയ്ക്കേണ്ടത് നിശ്ചിത വിലയുടെ 1.8% തുകയാണ്. പ്രീമിയത്തിന്റെ 75% തുക സർക്കാർ വഹിക്കുന്നതാണ് ബാക്കി 25% തുക ഗുണഭോക്താവ് അടയ്ക്കേണ്ടതാണ്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ലഭിച്ചു, അതിൽ എത്ര പേർക്ക് എത്ര തുക നഷ്ടപരിഹാരം നൽകി വ്യക്തമാക്കുമോ? | (സി) | ആലപ്പുഴ ജില്ലയിൽ നിന്നും ഇത്തരത്തിലുള്ള അപേക്ഷകൾ ലഭിക്കാത്തതിനാൽ ധനസഹായം ഒന്നും നൽകിയിട്ടില്ല. ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ പ്രകൃതിക്ഷോഭ ത്തോടനുബന്ധിച്ച് നാശനഷ്ടം സംഭവിച്ചതിന് ലഭിച്ച അപേക്ഷകൾ നടപടികൾക്കായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ